ഉത്തരം

(എ) ഈ റോഡ് നാഷണൽ ഹൈവേയുടെ അധികാര പരിധിയിൽ വരുന്നതല്ല. എന്നാൽ സ്റ്റേറ്റ് ഹൈവേ-38-ലെ പ്രസ്തുത റോഡു ഭാഗം വീതി കൂട്ടുന്നതിന് തല്ക്കാലം പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഉറപ്പുവരുത്താൻ നടപടി

178 [1429] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി പ്രവേശനത്തിന് എസ്.സി., ഒ.ബി.സി. വിഭാഗങ്ങൾക്ക് പ്രത്യേകമായി ഏർപ്പെടുത്തിയ ലിസ്റ്റിൽ നിന്നും ഒ.ഇ.സി. വിഭാഗങ്ങളെ എന്തു കൊണ്ടാണ് ഒഴിവാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം ഒ.ഇ.സി. വിദ്യാർത്ഥികളുടെ ഉപരിപഠനം മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹയർസെക്കണ്ടറി പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയതിൽ ഒ.ഇ.സി. വിഭാഗങ്ങളെ ഉൾപ്പെടുത്താത്തതിന് പ്രത്യേക കാരണങ്ങൾ ഒന്നും തന്നെയില്ല.

(ബി) & (സി) സംവരണം ലഭിക്കാത്തതുകാരണം ഒ.ഇ.സി. വിദ്യാർത്ഥികളുടെ ഉപരി പഠനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ പരാതി ലഭിച്ചാൽ ആയത് പരിശോധിക്കുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക്

179 [1430] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർക്കാർ നിരക്കിലുള്ള ഫീസ് നൽകിയാൽ മതി എന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ചില സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഈ നിർദ്ദേശം അംഗീകരിക്കപ്പെടുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly